**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2641** **27-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ 425 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ചു വർഷവും ടി അഞ്ചു വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചു വരുന്നു.<br>2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചുവരുന്നു.<br>3. സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചുവരുന്നു.<br>4. സംഘങ്ങൾക്ക് സർക്കാർ ഓഹരിമൂലധനമായി പരമാവധി 4 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.<br>5. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപയും (ഓഹരി -5 ലക്ഷം രൂപ; സബ്സിഡി -15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.<br>6. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലനകോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപയും (ഓഹരി -1,50,000/- രൂപ; സബ്സിഡി -3,50,000/- രൂപ) അനുവദിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 7. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരവും 40 ലക്ഷം രൂപ (ഓഹരി -10 ലക്ഷം രൂപ; സബ്സിഡി -30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.<br>8. കൂടാതെ ടി സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ (ഓഹരി -20 ലക്ഷം രൂപ; സബ്സിഡി -30 ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.<br>9. സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി. ടി പദ്ധതി പ്രകാരവും ഓഹരി സബ്സിഡി ഇനങ്ങളിലായി 2022-2023 സാമ്പത്തിക വർഷം മുതൽ ധനസഹായം അനുവദിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര സംഘങ്ങൾക്ക് എത്ര രൂപ വീതം ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | 2022-2023 വർഷത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും പുനർജ്ജനി പദ്ധതിയുടെ നടത്തിപ്പിനുമായി ഓഹരിയിനത്തിൽ 240 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 1160 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1400 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ടി തുകയിൽ നിന്നും 124 സംഘങ്ങൾക്ക് ഓഹരി ഇനത്തിൽ 1,47,98,887/- രൂപയും സബ്സിഡി ഇനത്തിൽ 4,68,83,552/- രൂപയും ഉൾപ്പെടെ ആകെ 6,16,82,439/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>2016-17 സാമ്പത്തിക വർഷം മുതൽ പട്ടികജാതി / പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കു വിവിധ പദ്ധതികൾക്കായി നൽകിയ വാർഷിക പദ്ധതി ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | സംഘങ്ങളുടെ എണ്ണം | അനുവദിച്ച ധനസഹായം (തുക ലക്ഷത്തിൽ) |
|---|---|---|
| 2016-2017 | 319 | 702.97 |
| 2017-2018 | 175 | 404.95 |
| 2018-2019 | 243 | 964.42 |
| 2019- | 113 | 296.10 |

| | | | | | |
|---|---|---|---|---|---|
| | | | 2020 | | |
| | | | 2020-2021 | 252 | 999.60 |
| | | | 2021-2022 | 120 | 423.44 |
| | | | 2022-2023 | 124 | 616.82439 |

സെക്ഷൻ ഓഫീസർ